"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പാലക്കാട് ജില്ലയിലെ കൊപ്പം ഗ്രാമപഞ്ചായത്തിലെ നരിപ്പറമ്പ് കോളനിയിലെ ശ്രീമതി. ബിന്ദുവിന് ഗ്രാമപഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നു ഭവന നിർമ്മാണത്തിന് ധനസഹായം നൽകാൻ പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഡിഇ) വകുപ്പ്**

സ.ഉ.(സാധാ) നം.632/2025/LSGD തീയതി,തിരുവനന്തപുരം, 07-03-2025

---

പരാമർശം:- 1. ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 12/08/2024 ലെ 4446/സി.സി/2019/ലൈഫ് നമ്പർ കത്ത്

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ ഓർഡിനേഷൻ കമ്മിറ്റിയുടെ 30/01/2025-ലെ യോഗത്തിന്റെ ഖണ്ഡിക (4.41) തീരുമാനം

**ഉത്തരവ്**

പാലക്കാട് ജില്ലയിലെ കൊപ്പം ഗ്രാമപഞ്ചായത്തിലെ ആറാം വാർഡിലെ നരിപ്പറമ്പ് കോളനിയിലെ ഭർത്താവ് ഉപേക്ഷിച്ച കാഴ്ചശക്തിയില്ലാത്ത ശ്രീമതി. ബിന്ദുവും, 25 വയസുള്ള മാനസിക ശാരീരിക വെല്ലുവിളി നേരിടുന്ന മകളും അതിജീർണ്ണാവസ്ഥയിലുള്ള ആസ്ബസ്റ്റോസ് ഷീറ്റിട്ട കെട്ടിടത്തിലാണ് താമസിക്കുന്നത്. മേൽക്കൂര ചോർന്നൊലിക്കുന്നതിനാൽ മഴക്കാലത്തിൽ വീട്ടിനുള്ളിൽ താമസിക്കാൻ കഴിയാത്ത അവസ്ഥയാണ്. ശ്രീമതി. ബിന്ദു PMAY(G) ൽ ക്രമനമ്പർ 26 ആയി ഉൾപ്പെട്ടിരുന്നെങ്കിലും, 2021-22 സാമ്പത്തിക വർഷത്തിനു ശേഷം PMAY(G) ൽ ടാർജറ്റ് അനുവദിക്കാതിരുന്നതിനാൽ വീടിനു ധനസഹായം നൽകാൻ സാധിച്ചിരുന്നില്ല. വളരെ പരിതാപകരമായ സാഹചര്യത്തിൽ പ്രസ്തുത കുടുംബത്തിന് ഗ്രാമപഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നും ഭവന നിർമ്മാണത്തിനുള്ള ധനസഹായം നൽകുന്ന വിഷയം പരിഗണിക്കാൻ പരാമർശം 1 പ്രകാരം ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ശിപാർശ ചെയ്തു.

വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ - ഓർഡിനേഷൻ കമ്മിറ്റിയുടെ 30/01/2025-ലെ യോഗം ഈ വിഷയം പരിശോധിച്ചു. കുടുംബത്തിന്റെ മോശം സാഹചര്യം പരിഗണിച്ച്, പാലക്കാട് ജില്ലയിലെ കൊപ്പം ഗ്രാമപഞ്ചായത്തിലെ നരിപ്പറമ്പ് കോളനിയിലെ

ശ്രീമതി. ബിന്ദുവിന് ഗ്രാമപഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നു ഭവന നിർമ്മാണത്തിന് ധനസഹായം നൽകാൻ പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം

സെക്രട്ടറി, കൊപ്പം ഗ്രാമപഞ്ചായത്ത്, പാലക്കാട്.

ശ്രീമതി. ബിന്ദു, നരിപ്പറമ്പ് കോളനി(സെക്രട്ടറി, കൊപ്പം ഗ്രാമപഞ്ചായത്ത് മുഖേന)

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോമൻസ്ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ& ഇ)/ഓഡിറ്റ്), തിരുവനന്തപുരം

തദ്ദേശ സ്വയംഭരണ(ഡി.എ) വകുപ്പ്.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ്&ന്യൂ മീഡിയ, ഐ&പി.ആർ.ഡി, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Sheeba. S. C
Date: 07-03-2025 13:00:59
സെക്ഷൻ ഓഫീസർ